ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ പദ്ധതികളെ സംബന്ധിച്ചിടത്തോളം ഓരോ ഗുണഭോക്തൃ സമിതിയിലും ഉൾപ്പെടുന്ന അംഗങ്ങൾ താമസിക്കുന്ന പ്രദേശമാണ് പ്രവർത്തന പരിധി. പക്ഷേ കെ. ഡബ്ല്യു. എ. പദ്ധതികൾ പുനരധിവാസം നടത്തുമ്പോൾ ജലസ്രോതസ്സിന്റെ ലഭ്യത, നിലവിലുള്ള പദ്ധതിയുടെ ഘടന, ഭൂമി ശാസ്ത്രപരമായ സവിശേഷതകൾ, നിലവിലുള്ള പദ്ധതി കൂടുതൽ പ്രയോജനകരമാക്കാനുള്ള സാദ്ധ്യത എന്നീ കാര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് റ്റി. എം. സി. കൾ ഇക്കാര്യങ്ങൾ ചർച്ച ചെയ്താണ് പ്രവർത്തന പരിധി നിശ്ചയിക്കുന്നത്.

എരിമയൂർ ഗ്രാമപഞ്ചായത്തിൽ അയൽകൂട്ടങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ ജലവിതരണ പദ്ധതികൾ

63 (4671) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എരിമയൂർ ഗ്രാമപഞ്ചായത്തിൽ അയൽകൂട്ടങ്ങളുടെ കീഴിൽ കേരള റൂറൽവാട്ടർ സപ്ലൈ ഏജൻസി നടപ്പിലാക്കിയ എത്ര സ്വയംഭരണ ജലവിതരണ പദ്ധതികൾ ഉണ്ട് ; അവ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട് ;

(ബി) അവയുടെ പ്രവർത്തനങ്ങൾ, ഭരണഘടന, അധികാരങ്ങൾ, ഭാരവാഹികൾ, അനുവദിച്ച ഫണ്ട്, നടത്തിപ്പുരീതി തുടങ്ങിയവ സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) എരിമയൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ അയൽകൂട്ട സ്വയംഭരണ ജലവിതരണ പദ്ധതികളുടെ വിശദാംശങ്ങളും മുഴുവൻ ഭാരവാഹികളുടെ പേര് വിവരങ്ങളും പ്രത്യേകമായി ലഭ്യമാക്കുമോ ?

ഉത്തരം

(എ) 31 പുതിയ പദ്ധതികളും 7 പുനരധിവാസ പദ്ധതികളും പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.*

(ബി) വിശദാംശങ്ങൾ അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം 3 ആയി കൊടുത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly